PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964.

Wednesday, the 25th March 1964.

Vol. XVIII] OFFICIAL REPORT [No. 33

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 25th March 1964, with Mr. Speaker in the Chair.

QUESTIONS & ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

ഭവന കൈയ്യേറ്റവും, തീവയ്പ്പുകളും.

* 888. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരി മുതൽ ഡിസംബർ അവസാനംവരെ സംസ്ഥാനത്തൊട്ടാകെ ഭവനകൈയ്യേറ്റവും തീവയ്പ്പുകളും നടന്നിട്ടുള്ളതായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) നെയ്യാറ്റിൻകര താലൂക്കിൽ പാറശാല എന്ന സ്ഥലത്തും പഞ്ചായത്തു തിരഞ്ഞെടുപ്പിനുശേഷം ഒരു തീവയ്പ്പുസംഭവം ഉണ്ടായിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ആ സംഭവത്തിനുശേഷം കുറ്റക്കാരെ കണ്ടുപിടിക്കുകയും അവരുടെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടോ ;

(ഡി) ഈ സംഭവത്തെപ്പറ്റി അന്വേഷണം നടത്തണമെന്നുകാണിച്ച് ആരിൽനിന്നെല്ലാം അപേക്ഷകൾ ലഭിച്ചു ;

(ഇ) അതിനെപ്പറ്റി അന്വേഷണം നടത്തിയോ ; ഫലമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1963 ജനുവരി മുതൽ ഡിസംബർ അവസാനംവരെ സംസ്ഥാനത്തൊട്ടാകെ 844 ഭവനകൈയ്യേറ്റക്കേസ്സുകളും, 192 തീവയ്പ്പു കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി, സി, ഡി, ഇ .) നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ മൂന്നു കടകൾക്ക് തീവച്ചതായി ഷോപ്പുടമകളായ പത്മനാഭപിള്ള, നല്ലതമ്പി നാടാർ, നീലകണ്ഠപ്പിള്ള എന്നിവർ പോലീസ് സ്റ്റേഷനിൽ പരാതിപ്പെടുകയുണ്ടായി. ഈ കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ : നെയ്യാറ്റിൻകര താലൂക്കിൽ വേന കൈയ്യേറ്റവും തീവയ്പ്പും ഉണ്ടായിട്ടുള്ളതു് രാഷ്ട്രീയപരമായ വിരോധം കൊണ്ടാണെന്നുള്ളതിനെക്കുറിച്ചു് വല്ല പരാതിയും ഗവണ്മെൻറിലേക്കു് കിട്ടിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയും ചില പരാതികളും കിട്ടിയിട്ടുണ്ടു്. അതിനെപ്പറ്റിയും ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തുന്നുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ എന്ന സ്ഥലത്തു് കഴിഞ്ഞ കുറെ മാസങ്ങളായി സംഘടിതമായ രീതിയിൽ കള്ളവും കൈയ്യേറ്റവും നടക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് കാര്യക്ഷമമായി അന്വേഷണം നടത്തി കുറക്കാരെ കണ്ടുപിടിച്ചു് കർശനമായി ശിക്ഷിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെ പല സ്ഥലങ്ങളിൽനിന്നും പരാതികളും കിട്ടുന്നുണ്ടു്. അവിടെയെല്ലാംതന്നെ ഗവണ്മെൻറിൽനിന്നും ഊർജ്ജിതമായിട്ടു് അന്വേഷണം നടത്തുന്നതാണു്.

ശ്രീ. പി. രവീന്ദ്രൻ : നെയ്യാറ്റിൻകര താലൂക്കിൽ തീവെയ്പ്പു് നടന്നതു് കഴിഞ്ഞ ഡിസംബർ മാസത്തിലാണു്. അതിൽ കുറക്കാരാരാണെന്നു കണ്ടുപിടിക്കുകയും, അവരുടെ പേരിൽ കേസ്സു് ചാർജ്ജു് ചെയ്യുകയും ചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇതുവരെ കുറക്കാരെ കണ്ടുപിടിച്ച കേസ്സു് ചാർജ്ജു് ചെയ്തിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : തീവെയ്പ്പു കേസ്സുകളിൽ ഇതുവരെ എത്ര കേസ്സുകളിൽ ശിക്ഷിച്ചിട്ടുണ്ടെന്നു് പറയാമോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഇങ്ങനെ തീവെയ്പ്പുകളും വേനകൈയ്യേറ്റങ്ങളും ഉണ്ടാകുന്നതു് രാഷ്ട്രീയപരമായിട്ടാണോ, അതോ സാമുദായികപരമായിട്ടാണോ, അതോ വ്യക്തിപരമായിട്ടാണോയെന്നു് പറയാമോ ?

ശ്രീ. ആർ. ശങ്കർ : അതിനെപ്പറ്റിയുള്ള വിശദവിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : 'എ' യുടെ ഉത്തരത്തിൽ പറഞ്ഞ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ, പോലീസ് ഉദ്യോഗസ്ഥന്മാർ വേനങ്ങളും കയ്യേറ്റം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കേസ്സുകളും ?

ശ്രീ. ആർ. ശങ്കർ : പോലീസ് ഉദ്യോഗസ്ഥന്മാർ വേന കൈയേറ്റം നടത്തിയിട്ടുണ്ടോയെന്നു് ഇപ്പോൾ പറയാൻ കഴിയുകയില്ല.

ശ്രീ. ഈ. പി. ഗോപാലൻ : കഴിഞ്ഞ ഡിസംബർ മാസം നടന്ന തീവെയ്പ്പ് കേസ്സിലും, വേനകയ്യേറ്റത്തിലും ഇതുവരെ കുറക്കാരാരാണെന്നു കണ്ടുപിടിക്കാനോ, കേസ്സു് ചാർജ്ജു് ചെയ്യാനോ സാധിക്കാത്തതു്, ഇതിന്റെ പുറകിൽ ഭരണകക്ഷിയിലുള്ളവർ ഇടപെടുന്നുണ്ടെന്നുള്ളതുകൊണ്ടാണെന്നു് വല്ല ആക്ഷേപവും ഗവണ്മെൻറിലേയ്ക്കു് കിട്ടിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയൊരു ആക്ഷേപവും കിട്ടിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ ചോദ്യത്തിന്റെ 'എ' യോടു് അനുബന്ധിച്ചുള്ള ഒരു ചോദ്യമായിട്ടാണു് ഞാൻ ഒരു ചോദ്യം ചോദിച്ചതു്. എന്നിട്ടു് അതിനു പ്രത്യേകം നോട്ടീസു് വേണമെന്നും പറഞ്ഞു. സ്വാഭാവികമ

LIBRARY ARCHIVES Kerala Legislative Assembly

മായി ഒരു ചോദ്യത്തിനോട്ട് അനുബന്ധിച്ചുള്ള ചോദ്യങ്ങളം ചോദിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതിനുള്ള വിവരങ്ങളം തരാതെ പ്രത്യേകം ചോദ്യം ചോദിക്കണമെന്നു പറയുന്നതു് ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെയൊരു ഉപചോദ്യം ഇതിൽ വരുമെന്നു് പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ രണ്ടു മാസത്തിനുമുമ്പു നടന്നിട്ടുള്ള കേസ്സുകളിൽ എത്രയെണ്ണം ഇതിനിടയിൽ ശിക്ഷിച്ചുവെന്നുള്ള ചോദ്യം ഇതിൽ വരുമെന്നു് പ്രതീക്ഷിക്കാൻ ഇടയില്ല.

കടലാക്രമണം.

* 889. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണം തടയുന്നതിനു് എന്തെല്ലാം നടപടികളാണു് ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതെന്നു പറയാമോ ;

(ബി) ഇതിനുവേണ്ടി ഈ സാമ്പത്തികവർഷത്തിൽ ആകെ ചെലവായ സംഖ്യ എത്ര ;

(സി) ഇതിൽ ഏറ്റവും കൂടുതൽ പണി നടന്നിട്ടുള്ളതു് എവിടെയാണു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) കടലാക്രമണം തടയുന്നതിനു് കരിങ്കൽകൊണ്ടു് കടൽഭിത്തിയും പുലിമുട്ടും കെട്ടുക എന്ന പദ്ധതിയാണു് ഇപ്പോൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു്.

(ബി) ഇതിനുവേണ്ടി ഈ സാമ്പത്തികവർഷത്തിൽ 1964 ജനുവരി അവസാനം വരെ നാൽപത്തൊൻപതുലക്ഷത്തി നാൽപത്തിരായിരത്തി അഞ്ഞൂററിനാൽപത്തിയെട്ടു് (49,42,548) രൂപ ചെലവായിട്ടുണ്ടു്.

(സി) തോട്ടപ്പള്ളി, പുറക്കാടു് എന്നീ പ്രദേശങ്ങളിലാണു്.

ശ്രീ. കെ. സി. എബ്രഹാം : ഒരു അമേരിക്കൻ വിദഗ്ധൻ നിർദ്ദേശിച്ച വിധത്തിൽ ഇവിടെ കടലാക്രമണം തടയുന്നതിനെപ്പററി പരീക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : പുറക്കാടു് ഭാഗത്തു് കൊല്ലം-ആലപ്പുഴ റോഡിൽ 41/0 ആൻഡു് 42/0 എന്ന സ്ഥലത്തു് ആണു് അമേരിക്കൻ വിദഗ്ധൻറെ അഭിപ്രായമനുസരിച്ചു് ആർട്ടിഫിഷ്യൽ സാൻഡ്ബാർ കെട്ടുന്നതിനെപ്പററി പരീക്ഷിച്ചുനോക്കുന്നതു്.

ശ്രീമതി നഫീസത്തു ബീവി : തോട്ടപ്പള്ളി ഭാഗത്തു് പുലിമുട്ടു് ഇട്ടു് കടലാക്രമണം തടഞ്ഞതിൻറെ ഫലമായി അവിടെനിന്നു് കുറേക്കൂടി മാറി വലിയ തോതിൽ കടലാക്രമണം ഉണ്ടാകുന്നതായിട്ടറിയാമോ ? കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പു് അവിടെ വലിയ തോതിലുള്ള കടലാക്രമണം ഉണ്ടാകുകയും ഏതാനും ഭവനങ്ങൾ അതിൽപ്പെട്ടു നശിച്ചുപോകുകയും ചെയ്തിട്ടുണ്ടു്. അതിനെത്തു പരിഹാരനടപടിയാണു് ഗവണ്മെൻറിൽനിന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പി. പി. ഉമ്മർകോയ : തോട്ടപ്പള്ളി ഭാഗത്തു് ഇപ്പോൾ കടലാക്രമണത്തിനെതിരായി സംരക്ഷണനടപടികൾ എടുത്തുകൊണ്ടിരിക്കുന്നതിനു് വടക്കുഭാഗത്താണു് കടലാക്രമണം ഉണ്ടായിട്ടുള്ളതു്. അവിടെ കടലാക്രമണം തടയുന്നതിനു് ആർട്ടിഫിഷ്യൽ നറിഷ്മെൻറ് സ്കീം അനുസരിച്ചു് സംരക്ഷണനടപടികളെടുക്കുകയാണു്. അതിൻറെ മേൽനോട്ടം വഹിക്കുന്നതിനായി അമേരിക്കൻ വിദഗ്ധനായ മി. റെയനാൾഡ് ഇന്നലെ ഇവിടെ വന്നിട്ടുണ്ടു്. അതിൻറെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടിയാണു് ഇവിടെ വന്നിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly